



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -16/11/2021

1. കോഴിക്കോട് ഹോർട്ടികോർപ്പിന്റെ സ്റ്റാളുകളിൽ ഈ മാസം 19 (19/11/2021) വരെ പച്ചക്കറികൾ പൊതു വിപണിയേക്കാൾ 25% വരെ വിലക്കുറവിൽ ലഭ്യമാകും. കോഴിക്കോട് ഹോർട്ടികോർപ്പിന്റെ വേങ്ങേരി, ചേവരമ്പലം, കക്കോടി, എലത്തൂർ അത്തോളി, പൂക്കാട്, കൊയിലാണ്ടി, തോടന്നൂർ, വില്യാപ്പള്ളി, ആയഞ്ചേരി, ഓർക്കാട്ടേരി, തണ്ണീർപന്തൽ, മൊകേരി സ്റ്റാളുകളിൽ ഈ ആനുകൂല്യം ലഭ്യമാകുന്നതാണെന്ന് ഹോർട്ടികോർപ്പ് ജില്ലാ മാനേജർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **8075204894, 8714144834** എന്നീ കസ്റ്റമർ കെയർ നമ്പറുമായി ബന്ധപ്പെടുക.

2. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) നടത്തുന്ന **റബ്ബർ പ്ലാന്റേഷൻ മാനേജ്മെന്റ് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമാ കോഴ്സി**ലേക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാനതീയതി നവംബർ 22-ലേക്ക് നീട്ടി. കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ നവംബർ 24-ന് ആരംഭിക്കുന്ന കോഴ്സിന് ഏതെങ്കിലും സയൻസ് വിഷയത്തിൽ ബിരുദമോ ബിരുദാനന്തരബിരുദമോ ഉള്ളവർക്ക് അപേക്ഷിക്കാം. റബ്ബർമേഖലയിലെ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും പുതുതായി തൊഴിൽ തേടുന്നവർക്കും കോഴ്സ് പ്രയോജനം ചെയ്യും. കോഴ്സിന്റെ കാലാവധി ഒരു വർഷമാണ്. താൽപര്യമുള്ളവർ എൻ.ഐ.ആർ.റ്റി.-യുടെ 'ഓൺലൈൻ ആപ്ലിക്കേഷൻ സബ്മിഷൻ' പോർട്ടൽ വഴിയാണ് അപേക്ഷിക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന ഇ മെയിൽ വിലാസത്തിലോ ബന്ധപ്പെടുകയോ www.training.rubberboard.org.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

3. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ ചെറ്റച്ചൽ ജഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റിലെ 7 പശുക്കളെയും 2 ആടുകളെയും ഫാം ഓഫീസ് പരിസരത്ത് വച്ച് ഇന്ന് രാവിലെ (16.11.2021) 11 മണിയ്ക്ക് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്ക് 11 മണിയ്ക്ക് മുൻപായി 4000/- രൂപ നിരതദ്രവ്യമടച്ച് പങ്കെടുക്കാവുന്നതാണ്. കൂടുതൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവരങ്ങൾക്ക് **9745545344** എന്ന ഫോൺ നമ്പരിലോ jfeu.ahd@kerala.gov.in എന്ന മെയിലിലോ ബന്ധപ്പെടാവുന്നതാണ്.

4. കുടപ്പനക്കുന്ന് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ 25 എണ്ണത്തിൽ കൂടുതൽ പൂവൻ കോഴികുഞ്ഞുങ്ങളെ ആവശ്യമുള്ളവർക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 3 മണി വരെ ബുക്ക് ചെയ്യാവുന്നതാണ്. ഒരു ദിവസം പ്രായമായ കുഞ്ഞിന് 10 രൂപ നിരക്കിലാണ് വിൽപ്പന നടത്തുന്നത്. കൂടുതൽ വിവരങ്ങൾക്ക് **0471 2730804** എന്ന നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

5. കേരള കാർഷിക സർവകലാശാലയിലെ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ്, വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിൽ വച്ച് ഈ മാസം **23 മുതൽ 27** വരെ രാവിലെ 10.30 മുതൽ **ഹൈഡ്രോപോണിക്സ് കൃഷിരീതിയിൽ** 5 ദിവസത്തെ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ **7025498850, 7034215912, 9961533547, 0487 2960079** എന്നീ നമ്പരുകളിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 4 വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

6. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാം തീറ്റപുൽ കൃഷി പരിശീലന കേന്ദ്രത്തിൽ **ആദായകരമായ ക്ഷീരോൽപാദനത്തിന് തീറ്റ പുൽകൃഷിയുടെ പ്രാധാന്യം** എന്ന വിഷയത്തെ ആസ്പദമാക്കി ഓഫ്ലൈൻ ആയും ഓൺലൈൻ ആയും ഏകദിന പരിശീലന പരിപാടി ഈ മാസം 20 ന് രാവിലെ 10.30 മുതൽ നടത്തുന്നു. പരിശീലന പരിപാടിയിൽ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഈ മാസം 19 **ആണ്.** രജിസ്റ്റർ ചെയ്യാനായി **https://chat.whatsapp.com/JQgEcnMNylALj0QPZQqBJD** എന്ന ലിങ്കിൽ വാട്ട്സാപ്പ് വഴിയോ **sfftraining2021@gmail.com** എന്ന ഇ-മെയിൽ മുഖേനയോ ബന്ധപ്പെടുക.

7. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് നടത്തുന്ന **കറവപ്പശുപരിപാലനം, കാട വളർത്തൽ, നായ വളർത്തൽ, മുയൽ വളർത്തൽ, ഇറച്ചിക്കോഴിവളർത്തൽ, തീറ്റപ്പുൽകൃഷി** എന്നീ

പരിശീലനങ്ങളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **0494 2962296** എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ് .

8. കോട്ടയം ജില്ലാ ക്വാളിറ്റി കൺട്രോൾ യൂണിറ്റിന്റെയും ചെമ്മലമറ്റം ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെയും ആഭിമുഖ്യത്തിൽ ഇന്ന് (നവംബർ 16) രാവിലെ 10 മണി മുതൽ പാൽ ഗുണനിയന്ത്രണ ബോധവൽക്കരണ പരിപാടി നടത്തുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന **പാലിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും** അതിലൂടെ കർഷകർക്ക് **മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനുമുള്ള** ശാസ്ത്രീയ വശങ്ങളെ കുറിച്ച് ക്ഷീര വികസന വകുപ്പിലെ സാങ്കേതിക വിദഗ്ദ്ധർ ഈ പരിപാടിയിൽ ബോധവത്ക്കരണം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481 2303514** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ (നവംബർ 17) **ക്ഷീരമേഖലയിലെ നൂതനപ്രവണതകളും സംരംഭകത്വ സാധ്യതകളും** എന്ന വിഷയത്തിൽ രാവിലെ 11 മണി മുതൽ ഗൂഗിൾ മീറ്റ് മുഖേന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി https://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0481-2302223** എന്ന നമ്പരിൽ ബന്ധപ്പെടുക.

10. തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 22 മുതൽ 27 വരെ (നവംബർ 22 മുതൽ 27) ക്ഷീരകർഷകർക്കായി **ശാസ്ത്രീയ പശുപരിപാലനം** എന്ന വിഷയത്തിൽ രണ്ടു ദിവസത്തെ ക്ലാസ്സ് റൂം പരിശീലനം നടത്തുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്കാണ് അവസരം. രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. താൽപര്യമുള്ളവർക്ക് ഈ മാസം **20-നു** മുമ്പായി **0471-2440911** എന്ന ഫോൺ നമ്പരിൽ വിളിച്ചോ ഓഫീസിൽ നേരിട്ട് ഹാജരായോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ, തിരുവനന്തപുരം-695004 എന്ന മേൽവിലാസത്തിലോ principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ 0471-2440911 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.